**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3465 08.11.2019 ൽ മറുപടിക്ക്

**എയ്ഡഡ് മാനേജ്മെന്റ് കോളേജുകളിലെ ആശ്രിത നിയമനം**

**ചോദ്യം**

**ശ്രീ.പി.സി. ജോർജ്**

**മറുപടി**

**ഡോ.കെ.ടി.ജലീൽ**

**(ബഹു. ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ എയ്ഡഡ് മാനേജ്മെന്റ് കോളേജുകളിൽ ആശ്രിത നിയമനം പ്രകാരം ജോലി നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ; | (എ) | സർക്കാർ ജീവനക്കാർക്ക് നടപ്പാക്കിയിട്ടുള്ള ആശ്രിത നിയമന പദ്ധതി സ്വകാര്യ എയ്ഡഡ് കോളെജുകൾക്ക് ബാധകമാക്കിയിട്ടില്ല. സ്വകാര്യ എയ്ഡഡ് കോളെജുകളിൽ ആശ്രിത നിയമന പദ്ധതി നടപ്പാക്കുന്നതിന് സ.ഉ.(കൈ)636/2013/ഉ.വി.വ തീയതി 7.10.2013 പ്രകാരം അനുമതി നല്കി ഉത്തരവായിരുന്നെങ്കിലും ഇതിനെതിരെ കോടതി വ്യവഹാരങ്ങൾ നിലനിന്നതിനാൽ മാർഗ്ഗരേഖ പുറപ്പെട്ടുവിക്കുവാൻ കഴിഞ്ഞിട്ടില്ല. എന്നിരുന്നാലും എയ്ഡഡ് കോളെജ് സർവ്വീസിലിരിക്കെ മരണമടഞ്ഞ ജീവനക്കാരുടെ ആശ്രിതർക്ക് നിയമനം നല്കുന്നതിന് മാനേജ്മെന്റ് തയ്യാറാകുന്ന പക്ഷം സർക്കാർ അനുമതി നൽകിവരുന്നുണ്ട്. |
| (ബി) | പ്രസ്തുത വിഷയത്തിൽ എത്ര കേസുകൾ ഹൈക്കോടതിയിൽ നിലവിലുണ്ടെന്ന വിവരം ലഭ്യമാണോ; എങ്കിൽ വിശദമാക്കാമോ; | (ബി) | ഈ വിഷയത്തിൽ മൂന്ന് കേസുകൾ നിലവിലുണ്ട് |
| (സി) | നിലവിൽ ഏതൊക്കെ എയ്ഡഡ് മാനേജ്മെന്റ് കോളേജുകളിൽ ആശ്രിത നിയമനം നൽകിയിട്ടുണ്ടെന്ന് അറിയിക്കുമോ; ആയതിലൂടെ എത്രപേർ നിയമനം നേടി എന്ന വിവരം ലഭ്യമാണോ; എങ്കിൽ വ്യക്തമാക്കുമോ ? | (സി) | അടൂർ സെന്റ് സിറിൽസ് കോളെജിൽ ശ്രീ.അലൻ ജോണിനും, അഞ്ചൽ സെന്റ് ജോൺസ് കോളെജിൽ ശ്രീമതി.ബിജി വർഗ്ഗീസിനും ആശ്രിത നിയമനം നല്കിയിട്ടുണ്ട് |

**സെക്ഷൻ ഓഫീസർ**